By Spl. Msgr

©
കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2012-14

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 3<br>Vol. III | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2014 നവംബർ 13<br>13th November 2014<br>1190 തുലാം 27<br>27th Thulam 1190<br>1936 കാർത്തികം 22<br>22nd Karthika 1936 | നമ്പർ<br>No. | 2723 |

## കേരള സർക്കാർ

ധനകാര്യ (റൂൾസ്-എ) വകുപ്പ്

Downloaded Copy - Association of Retired Teachers (ART)
Farook College

വിജ്ഞാപനം

സ. ഉ. (അ) നമ്പർ 469/2014/ധന. *തിരുവനന്തപുരം, 2014 ഒക്ടോബർ 31 / 1190 തുലാം 14.*

**എസ്. ആർ. ഒ. നമ്പർ 696/2014.**—1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്റ്റിലെ (1968-ലെ 19) 2-ാം വകുപ്പ് (1)-ാം ഉപവകുപ്പും അതിലെ 3-ാം വകുപ്പും കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർവ്വീസ് ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിനായി കേരള സർക്കാർ ഇതിനാൽ താഴെ പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2014-ലെ കേരള സർവ്വീസ് (നാലാം ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഈ ചട്ടങ്ങൾ 2013 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2014.

33/4492/2014/S-13.

2. ചട്ടങ്ങളുടെ ഭേദഗതി---കേരള സർവ്വീസ് ചട്ടങ്ങളിലെ ഭാഗം I-ലെ ചട്ടം 60-ൽ ഉപചട്ടം (എ ഇ)-യ്ക്ക് ശേഷം താഴെ പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്---

"(എഎഫ്) 2013 ഏപ്രിൽ 1-ാം തീയതിയിലോ അതിനുശേഷമോ നിയമിക്കപ്പെടുകയും ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കുകയും ചെയ്യുന്ന) ഒരു ജീവനക്കാരന്റെ നിർബന്ധിത വിരമിക്കൽ തീയതി അയാൾക്ക് 60 വയസ് പൂർത്തിയാകുന്ന മാസത്തിന്റെ അവസാന ദിനത്തിലെ ഉച്ചയ്ക്കുശേഷം ആയിരിക്കുന്നതാണ്. സർക്കാരിന്റെ അനുമതിയോടെ എഴുതി രേഖപ്പെടുത്തിയ പൊതു താൽപര്യാർത്ഥമായ കാരണങ്ങളാൽ പ്രസ്തുത തീയതിക്കുശേഷം അയാളെ സേവനത്തിൽ നിലനിർത്താവുന്നതും, എന്നാൽ പ്രത്യേക സാഹചര്യങ്ങളിലൊഴികെ 64 വയസിനുശേഷം അയാളെ നിലനിർത്തുവാൻ പാടില്ലാത്തതുമാണ്.

ഒരു അദ്ധ്യയന വർഷത്തിനിടയിൽ 60 വയസ് പൂർത്തിയാക്കുന്ന, എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും, അദ്ധ്യാപക ജീവനക്കാർ (കോളേജുകളിലെ പ്രിൻസിപ്പൽമാർ ഉൾപ്പെടെ) അദ്ധ്യയന വർഷം അവസാനിക്കുന്ന മാസത്തിലെ അവസാന ദിനംവരെ സേവനത്തിൽ തുടരേണ്ടതാണ്. എന്നാൽ വിരമിക്കൽ തീയതിയ്ക്കുശേഷമുള്ള വാർഷിക ശമ്പള വർദ്ധനവ്, ഹയർ ഗ്രേഡ്, അവധി സിദ്ധിക്കൽ, ഉദ്യോഗക്കയറ്റം, ശമ്പളപരിഷ്ക്കരണം എന്നിവപോലെയുള്ള സർവ്വീസ് ആനുകൂല്യങ്ങൾക്ക് അധിക സേവന കാലയളവ് കണക്കാക്കാൻ പാടുള്ളതല്ല. പ്രസ്തുത ജീവനക്കാർ 60 വയസ് പൂർത്തിയാക്കുന്ന തീയതിയിൽ അവധിയിലായിരിക്കുകയും വിരമിക്കൽ തീയതിക്ക് ശേഷമുള്ള ആദ്യത്തെ പ്രവൃത്തി ദിവസം ജോലിയിൽ പുനഃപ്രവേശിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്താൽ അവർ വിരമിക്കൽ തീയതിയിൽതന്നെ വിരമിച്ചതായി കണക്കാക്കേണ്ടതാണ്. എന്നാൽ ഈ ചട്ടത്തിൻ കീഴിൽ വരുന്ന ഉദ്യോഗസ്ഥർ വിരമിക്കൽ തീയതിയിലോ അതിന് ശേഷമോ എന്നാൽ അദ്ധ്യയന വർഷം അവസാനിക്കുന്ന തീയതിക്ക് മുൻപോ സസ്പെൻഷനിൽ ആയിരുന്നാൽ അവർ വിരമിക്കൽ തീയതിയിലോ സസ്പെൻഷൻ തീയതിയിലോ ഏതാണോ അവസാനം വരുന്നത്, ആ തീയതിയിൽ സേവനത്തിൽ നിന്ന് വിരമിച്ചതായി കണക്കാക്കേണ്ടതാണ്.

എന്നിരുന്നാലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക ജീവനക്കാർ (കോളേജുകളിലെ പ്രിൻസിപ്പൽമാർ ഉൾപ്പെടെ) 60 വയസ് തികയ്ക്കുന്ന തീയതി വിദ്യാലയ പുനരാരംഭവർഷത്തിന്റെ ആദ്യ മാസത്തിനകം വരികയാണെങ്കിൽ അങ്ങനെയുള്ള പുനരാരംഭ തീയതി മുതൽ അവരുടെ സേവനം അവസാനിക്കുന്നതും അവർക്ക് പുനരാരംഭ തീയതി മുതൽ 60 വയസ് തികയുന്ന മാസത്തിന്റെ അവസാന ദിവസം വരെ അധിക അവധി അനുവദിക്കുന്നതുമാണ്. അവർക്ക് യഥാർത്ഥത്തിൽ 60 വയസ് തികയുന്ന തീയതിക്ക് മുൻപ് വാർഷിക ശമ്പള വർദ്ധന ആനുകൂല്യം വരികയാണെങ്കിൽ അതിന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

ഈ ഉപചട്ടത്തിന്റെ രണ്ടാം ഖണ്ഡികയുടെ കീഴിൽ അദ്ധ്യയന വർഷം അവസാനിക്കുന്നത് വരെ സേവനത്തിൽ തുടരാൻ അവർ അർഹരാണെങ്കിൽ, മാസത്തിന്റെ അവസാന തീയതിക്ക് മുമ്പ് അദ്ധ്യയന വർഷം അവസാനിക്കുന്നതെങ്കിൽ അവധിക്കായി അടയ്ക്കുന്ന ദിവസം മുതൽ മാസാവസാനം വരെ അധിക അവധി അനുവദിക്കാവുന്നതാണ്.

ഈ ഉപചട്ടത്തിൻ കീഴിൽ അനുവദിക്കുന്ന അധിക അവധി അർഹതപ്പെട്ട അവധിയായി കണക്കാക്കുന്നതല്ല. അവർക്ക്. അവധി കാലയളവിൽ. കൃത്യനിർവ്വഹണത്തിലായിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന ശമ്പളത്തിന്റെയും ആനുകൂല്യങ്ങളുടെയും അതേ നിരക്കിൽ അവധി ബത്ത ലഭിക്കുന്നതാണ്.

വിശദീകരണം.—ഈ ഉപചട്ടത്തിന്റെ ആവശ്യത്തിലേക്കായി "അദ്ധ്യാപക ജീവനക്കാർ" എന്നാൽ ഉപചട്ടം (സി)യുടെ വിശദീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവനക്കാർ എന്നർത്ഥമാകുന്നു.

*കുറിപ്പ്* 1—60 വയസ്സ് പൂർത്തിയായ ഒരു ഉദ്യോഗസ്ഥനെ സേവനത്തിൽ നിലനിർത്തേണ്ടത് പരിപൂർണ്ണമായും ആവശ്യമാണെന്ന് കാണുന്ന സംഗതികളിലും ആയത് സാധ്യമാകുന്നിടത്തോളം വിരമിക്കലിനുശേഷമുള്ള പുനർ നിയമന വ്യവസ്ഥയെ ആശ്രയിച്ച് ആയിരിക്കേണ്ടതും ആയത് സാധാരണഗതിയിൽ ഒരിക്കൽ ഒരു വർഷത്തിലധികം അനുവദിക്കാൻ പാടില്ലാത്തതുമാണ്.

*കുറിപ്പ്* 2.—സേവനത്തിൽ 60 വയസ്സ് തികയുന്നത് പൂർവ്വാഹ്നത്തിലല്ല, അപരാഹ്നത്തിലായിരിക്കുന്നതാണ്. ജൂലായ് 1 ജനനത്തീയതി ആയുള്ള ഒരു ആൾ തന്റെ 60 വയസ്സ് ജൂൺ 30-ന് പൂർത്തിയാക്കുന്നതും പ്രസ്തുത തീയതി (ജൂൺ 30) അയാൾക്ക് 60 വയസ്സ് തികയുന്ന മാസത്തിന്റെ അവസാന തീയതി ആയിരിക്കുന്നതുമാണ്. ജൂലൈ 1-ാം തീയതി അയാൾ 61-ാം വയസ്സിലേക്ക് പ്രവേശിക്കുന്നതും ആ ദിവസം അയാൾക്ക് പ്രവൃത്തിദിനമല്ലാതായിരിക്കുന്നതുമാണ് ജൂലൈ 1 തീയതിയിലും അന്ന് മുതൽക്കും അയാളുടെ സേവനം അവസാനിക്കുന്നതാണ്.

*കുറിപ്പ്* 3.—ജനനത്തീയതി ജൂലൈ ഒന്നാം തീയതി ആയിരിക്കുകയും 60 വയസ്സ് തികയുകയും ചെയ്യുന്ന ഒരു അദ്ധ്യാപകനെ അദ്ധ്യയന വർഷം അവസാനിക്കുന്നതു വരെ തുടരാൻ അനുവദിക്കുന്നതല്ല.

*കുറിപ്പ്* 4.—പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ അദ്ധ്യയന വർഷം ഏതെങ്കിലും വർഷം മാർച്ച് 31-ന് ശേഷം നീട്ടുകയാണെങ്കിൽ ഉപചട്ടം (എഎഫ്)-ന്റെ രണ്ടാം ഖണ്ഡികയുടെ കീഴിൽ വിരമിക്കൽ തീയതിക്കുശേഷം സേവനത്തിൽ തുടരാൻ അനുവദിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപക ജീവനക്കാർ മാർച്ച് മാസത്തിന്റെ അവസാന ദിവസം തന്നെ വിരമിക്കേണ്ടതാണ്.".

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. കെ. എം. എബ്രഹാം,

*അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2013 ജനുവരി 7-ാം തീയതിയിലെ സ. ഉ. (അ) നമ്പർ 20/2013/ധന. എന്ന ഉത്തരവിനോട് 2012 ആഗസ്റ്റ് 8-ാം തീയതിയിലെ സ.ഉ. (അ) നമ്പർ 441/2012/ധന. എന്ന ഉത്തരവ് കൂട്ടിവായിച്ച പ്രകാരം 2013 ഏപ്രിൽ 1-നോ അതിനുശേഷമോ നിയമിതരായ എല്ലാ ജീവനക്കാരേയും ചില വ്യവസ്ഥകൾക്ക് വിധേയമായി ദേശീയ പെൻഷൻ പദ്ധതിയ്ക്ക് കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. 2013 ഏപ്രിൽ 1-ാം തീയതിയിലോ അതിനുശേഷമോ നിയമിതരായവരും ദേശീയ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായവരുമായ എല്ലാ ജീവനക്കാരുടെയും വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തുന്നതാണെന്ന് 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ആയതിന് നിയമ സാധുത നൽകുന്നതിനായി, കേരള സർവ്വീസ് ചട്ടങ്ങളിലെ ഭാഗം I-ലെ ചട്ടം 60-ൽ ഉചിതമായ ഭേദഗതി വരുത്തേണ്ടതുണ്ട്.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

പകർപ്പ് :—

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ. ആന്റ് ഇ.), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ.), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ. ആന്റ് ആർ.എസ്.എ.), കേരള, തിരുവനന്തപുരം.

എല്ലാ വകുപ്പു തലവൻമാർക്കും ഓഫീസുകൾക്കും.

സെക്രട്ടേറിയറ്റിലെ പൊതുഭരണം, നിയമം ഉൾപ്പെടെയുള്ള വകുപ്പുകളിലെ എല്ലാ സെക്ഷനുകൾക്കും.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.

ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.

രജിസ്ട്രാർ, കേരള/കൊച്ചി/കാലിക്കറ്റ്/മഹാത്മാഗാന്ധി/കണ്ണൂർ സർവ്വകലാശാല.

രജിസ്ട്രാർ, ഫിഷറീസ് സർവ്വകലാശാല.

രജിസ്ട്രാർ, വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവ്വകലാശാല.

രജിസ്ട്രാർ, കേരള ആരോഗ്യ സർവ്വകലാശാല

രജിസ്ട്രാർ, കേന്ദ്ര സർവ്വകലാശാല, കേരള.

രജിസ്ട്രാർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല

രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.

രജിസ്ട്രാർ, കാർഷിക സർവ്വകലാശാല, തൃശ്ശൂർ.

സെക്രട്ടറി, തദ്ദേശ സ്വയംഭരണ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ , കേരള, എറണാകുളം.

സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം.

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/അണ്ടർ സെക്രട്ടറി.

ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ

സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.

സെക്രട്ടറി, മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.

രജിസ്ട്രാർ, ശ്രീ. ശങ്കര സംസ്കൃത സർവ്വകലാശാല.

മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറി.

പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറി.

സംസ്ഥാന ഇലക്ഷൻ കമ്മീഷണർ, കേരള, തിരുവനന്തപുരം.

സംസ്ഥാന വിവരാവകാശ കമ്മീഷണർ, കേരള

ഡയറക്ടർ ഓഫ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

33/4492/2014/DTP.

GOVERNMENT OF KERALA

**Finance (Rules-A) Department**

NOTIFICATION

G. O. (P) No. 469/2014/Fin. *Dated, Thiruvananthapuram, 31st October, 2014 / Thulam 14, 1190.*

**S. R. O. No. 696/2014.**—In exercise of the powers conferred by sub-section (1) of section 2 of the Kerala Public Services Act, 1968 (19 of 1968), read with section 3 thereof, the Government of Kerala hereby make the following rules further to amend the Kerala Service Rules, namely:—

RULES

1. *Short title and commencement.*—(1) These rules may be called the Kerala Service (4th Amendment) Rules, 2014

(2) They shall be deemed to have come into force on the 1st day of April, 2013.

2. *Amendment of the Rules.*—In Part I of the Kerala Service Rules, in rule 60, after sub-rule (ae), the following sub-rule shall be inserted, namely:—

"(af) The date of compulsory retirement of an officer appointed on or after the 1st day of April, 2013 and who is a member of National Pension System shall take effect from the afternoon of the last day of the month in which he attains the age of 60 years. He may be retained after this date only with the sanction of the Government on public grounds which must be recorded in writing, but he must not be retained after the age of 64 years except in very special circumstances.

The teaching staff of all educational institutions (including Principals of Colleges) who complete the age of 60 years during the course of an academic year shall continue in service till the last day of the month in which the academic year ends, but the extended period of service shall not be reckoned for any service benefits such as increment, higher grade, accrual of leave, promotion and pay revision effective from a date after the date of superannuation. If they are on leave on the day they attain the age of 60 years and fail to rejoin duty on the first working day immediately after the date of superannuation, they shall be retired with effect from the date of superannuation.

But, in cases where officers coming under this rule are under suspension on the date of superannuation or thereafter, but before the closing day of the academic year, they shall be retired from service on the date of superannuation or on the date of suspension, whichever is later.

If, however, the day on which teaching staff (including Principals of Colleges) attain the age of 60 years falls within the period of one month beginning with the day of reopening of the institutions, they shall cease to be on duty with effect from the date of such reopening and they shall be granted additional leave from the date of reopening to the last day of the month in which they attain the age of 60 years. They shall be entitled to the benefit of increment if it falls due before the actual date on which they attain the age of 60 years.

If they are eligible to continue in service till the close of the academic year under the 2nd paragraph of this sub-rule, they shall be granted additional leave from the date of closing for vacation till the last day of the month, when the date of closing is earlier than the last day of the month.

The additional leave granted under this sub-rule will not be counted against the eligible leave. During the period of leave they will draw leave allowance at the same rate as the pay and allowances they would have drawn if they were on duty.

Explanation.—For the purpose of this sub-rule, 'the teaching staff' means those employees included in the Explanation to sub-rule (c).

*Note 1*:—Even in cases where it is found absolutely necessary to retain the service of an officer who has attained the age of 60 years as far as possible only re-employment after retirement shall be resorted to which shall not ordinarily be sanctioned for more than one year at a time.

*Note 2*:—Completion of 60 years of age in service shall be in the afternoon and not in the forenoon. A person whose date of birth is first day of July completes his 60th years on 30th day of June, and that date (30th June) is the last day of the month in which he completes the 60th year. If on first day of July he is on his 61st year and that day is a non-working day for him. He shall cease to be in service on and from the 1st day of July.

*Note 3*:—A teaching staff whose date of birth is first day of July and who attains the age of 60 years shall not be allowed to continue in service till the end of the academic year.

*Note 4*:—In cases where the academic year in respect of the institutions under the Director of Public Instruction is extended beyond the 31st of March in any year, the teaching staff of such institutions who are allowed to continue in service beyond the date of superannuation under the second para of sub-rule (af) shall retire on the last day of March itself.".

By order of the Governor,

DR. K. M. ABRAHAM,
*Additional Chief Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

As per G.O. (P) No. 441/2012/Fin dated 8th August 2012, read with G.O.(P)/No. 20/2013/Fin dated 7th January 2013, all employees appointed on or after 1st day of April 2013 have been brought under National Pension System subject to certain conditions. In the Budget Speech 2013-2014 it has been announced that the age of retirement of all those who are appointed in Government Service on or after 1st day of April 2013, who are members of National Pension System, will be raised to 60 years. In order to give statutory validity to the above, suitable amendment has to be made in rule 60, Part I of the Kerala Service Rules.

The notification is intended to achieve the above object.

To

The Principal Accountant General (A&E), Kerala, Thiruvananthapuram

The Principal Accountant General (G&SSA), Kerala, Thiruvananthapuram

The Accountant General (E&RSA), Kerala, Thiruvananthapuram.

All Heads of Departments and Offices

All Departments and Sections of the Secretariat

The Director of Treasuries, Thiruvananthapuram

The Secretary, Kerala Public Service Commission, Thiruvananthapuram (with C.L.)

The General Manager, KSRTC, Thiruvananthapuram

The Registrar, High Court of Kerala, Ernakulam (with C.L.)

The Registrar, University of Kerala/Kochi/Calicut/Mahatma Gandhi/ Kannur (with C.L.)

The Registrar, Fisheries University, (with C.L.)

The Registrar, Kerala Veterinary and Animal Sciences University, (with C.L.)

The Registrar, Kerala University of Health and Allied Sciences, (with C.L.)

The Registrar, National University of Advance Legal Studies (With C.L.)

The Registrar, Central University of Kerala (With C.L.)

The Registrar, Thunchath Ezhuthachan Malayalam University (With C.L.)

The Registrar, Kerala Lok Ayukta, Thiruvananthapuram.

The Registrar, Kerala Agricultural University, Mannuthi.

The Secretary, Ombudsman for Local Self Government, Thiruvananthapuram.

The Advocate General, Kerala, Ernakulam (with C.L.).

The Secretary, K.S.E.B, Thiruvananthapuram (with C.L.).

All Principal Secretaries/Secretaries/Special Secretaries/ Additional Secretaries/Joint Secretaries/Deputy Secretaries/Under Secretaries to Government.

The Secretary to Governor, Raj Bhavan.

The Private Secretary to Speaker/Deputy Speaker of the Legislative Assembly.

The Additional Secretary to the Chief Secretary.

The Secretary, Human Rights Commission, Thiruvananthapuram.

The Registrar, Sree Sankara Sanskrit University, Kalady (with C.L.).

The Private Secretaries to the Chief Minister and other Ministers

The Private Secretary to the Leader of Opposition

The State Election Commissioner, Kerala, Thiruvananthapuram

The State Chief Information Commissioner (with C.L.)

The Nodal Officer, www.finance.kerala.gov.in

The Stock File/Office Copy.

---

33/4492/2014/S-13.